**പ്രസിദ്ധീകരണത്തിന്**

ദേവസ്വംനിയമനങ്ങളിൽ, സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന മുന്നാക്കക്കാർക്ക് 10 ശതമാനം സംവരണം ഏർപ്പെടുത്തുമെന്ന സർക്കാർപ്രഖ്യാപനം ഉണ്ടായിട്ട് ഒരുവർഷം തികയുന്നു. അത് നടപ്പാക്കുന്നതിന് പ്രത്യേകം ചട്ടം ഉണ്ടാക്കിയെന്നാണ് സർക്കാർ ഇപ്പോൾ പറയുന്നത്. 32 ശതമാനം സംവരണം കിട്ടിക്കൊണ്ടിരിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ, പിന്നാക്കവിഭാഗങ്ങൾക്ക് സംവരണം 40 ശതമാനം ആയി വർദ്ധിപ്പിച്ചതായും അറിയുന്നു. പൊടുന്നനെ ഇങ്ങനെയൊരു പ്രഖ്യാപനം ഉണ്ടായതിന്റെ പിന്നിലെ ലക്ഷ്യം ആർക്കും മനസ്സിലാക്കാവുന്നതേയുള്ളു. ദേവസ്വംനിയമനങ്ങളിലെ സംവരണം നടപ്പാകണമെങ്കിൽ, പ്രത്യേകചട്ടം ഉണ്ടായെങ്കിൽതന്നെ, ഇനിയും എത്രയോ കടമ്പകൾ കടക്കേണ്ടിയുമിരിക്കുന്നു.

ഹൈന്ദവഈശ്വരവിശ്വാസികൾ ശബരിമല യുവതീപ്രവേശനം സംബന്ധിച്ച് എല്ലാം മറന്ന് വിശ്വാസസംരക്ഷണത്തിനായി ഒരുമിച്ച് പ്രവർത്തിക്കുന്നതിനിടയിലാണ് സർക്കാരിന്റെ ഈ നടപടി. ദേവസ്വം നിയമനങ്ങളിലെ സംവരണം എന്നത് ഹൈന്ദവരെ മാത്രം സംബന്ധിക്കുന്ന വിഷയമാണ്. ഇതു സംബന്ധിച്ച് ചില ഭിന്നതകൾ നിലനില്ക്കുന്നുമുണ്ട്. ആ സാഹചര്യം മനസിലാക്കി, ഹിന്ദുക്കൾക്കിടയിൽ സംവരണത്തിന്റെ പേരിൽ ഒരു ഭിന്നതയ്ക്കിടവരുന്നെങ്കിൽ വരട്ടെ എന്ന ലക്ഷ്യം സർക്കാരിന് ഉണ്ടെന്ന് ആരെങ്കിലും സംശയിച്ചെങ്കിൽ അതിൽ തെറ്റുപറയാനാവില്ല.

നായർ സർവീസ് സൊസൈറ്റിയെ സംബന്ധിച്ചിടത്തോളം ദേവസ്വം നിയമനങ്ങളിലെ സംവരണം നടപ്പാക്കുന്നതിനേക്കാൾ പ്രധാനം ശബരിമലയിലെ വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും സംരക്ഷിക്കുക എന്നതാണ്. അതിനുവേണ്ടി നിയമപരമായ നടപടികളും, വിശ്വാസികളോടൊപ്പം ചേർന്ന് സമാധാനപരമായ പ്രതിഷേധങ്ങളും തുടരും. അതിന് ജാതി-മത-സമുദായഭേദങ്ങളില്ല; പ്രത്യേക രാഷ്ട്രീയലക്ഷ്യങ്ങളുമില്ല.

സമാധാനപരമായി എൻ.എസ്.എസ്. നടത്തിവരുന്ന പ്രതിഷേധത്തിന്റെ പേരിൽ സംസ്ഥാനത്ത് മൂന്നുനാലുസ്ഥലങ്ങളിൽ എൻ.എസ്.എസ്. കരയോഗമന്ദിരങ്ങൾക്കെതിരെ ചെറിയ തോതിൽ ആക്രമണം ഉണ്ടായിട്ടുണ്ട്. അതിന്റെ പിന്നിൽ ആരൊക്കെയാണെന്ന് എൻ.എസ്.എസ്സിന് നല്ലതുവണ്ണം അറിയാം. എൻ.എസ്.എസ്സിനോട് ഈ കളി വേണ്ട. ഏതു സാഹചര്യങ്ങളെയും നേരിടാനുള്ള കരുത്ത് എൻ.എസ്.എസ്സിനും സമുദായാംഗങ്ങൾക്കും ഉണ്ടെന്നുള്ള കാര്യം ഇക്കൂട്ടർ ഓർക്കുന്നത് നന്ന്.

പെരുന്ന
2.11.2018

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി